# II Thessalonians

## രണ്ട് തെസ്സലൊനീക്യർ

## അദ്ധ്യായം 1

1:1 പൌലൊസും സില്വാനൊസും തിമൊഥെയൊസും നമ്മുടെ പിതാവായ ദൈവത്തിലും
കർത്താവായ യാഹ്ശൂവ ഹാ മശീഹയിങ്കലുമുള്ള തെസ്സലൊനീക്യസഭെക്കു എഴുതുന്നതു:

1:2 പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യാഹ്ശൂവ മശീഹയിങ്കൽ നിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ.

1:3 സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും ആളാം പ്രതി നിങ്ങൾക്കു
എല്ലാവർക്കും അന്യോന്യസ്നേഹം പെരുകിയും വരികയാൽ ഞങ്ങൾ യോഗ്യമാകുംവണ്ണം
യാഹ്വയായ ദൈവത്തിന്നു എപ്പോഴും നിങ്ങളെക്കുറിച്ചു സ്തോത്രം ചെയ്‌വാൻ
കടമ്പെട്ടിരിക്കുന്നു.

1:4 അതുകൊണ്ടു നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ
സഹിഷ്ണതയും വിശ്വാസവും നിമിത്തം ഞങ്ങൾ യാഹ്വയായ ദൈവത്തിന്റെ സഭകളിൽ
നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു.

1:5 അതു നിങ്ങൾ കഷ്ടപ്പെടുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിന്നു നിങ്ങളെ
യോഗ്യന്മാരായി എണ്ണും എന്നിങ്ങനെ യാഹ്വയായ ദൈവത്തിന്റെ നീതിയുള്ള വിധിക്കു
അടയാളം ആകുന്നു.

1:6 കർത്താവായ യാഹ്ശൂവ തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ
പ്രത്യക്ഷനായി യാഹ്വയായ ദൈവത്തെ അറിയാത്തവർക്കും

1:7 നമ്മുടെ കർത്താവായ യാഹ്ശൂവയുടെ സുവിശേഷം അനുസരിക്കാത്തവർക്കും ശിക്ഷാവിധി
കൊടുക്കുമ്പോൾ

1:8 നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ
ആശ്വാസവും പകരം നല്കുന്നതു യാഹ്വയുടെ സന്നിധിയിൽ നീതിയല്ലോ.

1:9 ആ നാളിൽ യാഹ്ശൂവ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം
നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും യാഹ്ശൂവ അതിശയവിഷയം
ആകേണ്ടതിന്നും വരുമ്പോൾ

1:10 സുവിശേഷം അനുസരിക്കാത്തവർ കർത്താവായ യാഹ്ശൂഅയുടെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും.

1:11 അതുകൊണ്ടു ഞങ്ങൾ നമ്മുടെ ദൈവമായ യാഹ്വയുടെയും കർത്താവായ യാഹ്ശൂഅ മശീഹയുടെയും കൃപയാൽ നമ്മുടെ കർത്താവായ യാഹ്ശൂഅ മശീഹയുടെ നാമം നിങ്ങളിലും നിങ്ങൾ യാഹ്ശൂഅ മശീഹയിലും മഹത്വപ്പെടേണ്ടതിന്നു

1:12 നമ്മുടെ യാഹ്വയായ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകലതാല്പര്യ്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കിത്തരേണം എന്നു നിങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.

## അദ്ധ്യായം 2

2:1 ഇനി സഹോദരന്മാരേ, നമ്മുടെ കർത്താവായ യാഹ്ശൂഅ മശീഹയുടെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ചു ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നതു:

2:2 മശീഹയുടെ നാൾ അടുത്തിരിക്കുന്നു എന്നു വെച്ചു നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുതു.

2:3 ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശത്തിന്റെ പുത്രനായ പാപത്തിന്റെ മനുഷ്യൻ വെളിപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ (ആ ദിവസം വരികയില്ല.)

2:4 അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിന്നുംമീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ.

2:5 നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നേ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്നു ഓർക്കുന്നില്ലയോ?

2:6 നാശത്തിന്റെ പുത്രനായ പാപത്തിന്റെ മനുഷ്യൻ സമയത്തിന്നു മുമ്പെ വെളിപ്പെടാതിരിക്കേണ്ടതിന്നു ഇപ്പോൾ തടുക്കുന്നതു എന്തു എന്നു നിങ്ങൾ അറിയുന്നു.

2:7 അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോക മാത്രം വേണം.

2:8 അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യാഹ്ശൂആ തന്റെ വായിലെ ആത്മാവിനാൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും.

2:9 അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകലവഞ്ചനയോടുംകൂടെ ആയിരിക്കും;

2:10 അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും.

2:11 സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ശിക്ഷാവിധി വരേണ്ടതിന്നു

2:12 യാഹ്വയായ ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു.

2:13 ഞങ്ങളോ യാഹ്ശൂആയായ കർത്താവിന്നു പ്രിയരായ സഹോദരന്മാരേ, യാഹ്വയായ ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തതു കൊണ്ടു നിങ്ങൾ നിമിത്തം യാഹ്വയായ ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു.

2:14 നമ്മുടെ കർത്താവായ യാഹ്ശൂആ മശീഹയുടെ മഹത്വം പ്രാപിപ്പാനല്ലോ യാഹ്ശൂആ മശീഹ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്കു വിളിച്ചതു.

2:15 ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറെച്ചു നിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചു കൊൾവിൻ.

2:16 നമ്മുടെ കർത്താവായ യാഹ്ശൂആ മശീഹ താനും നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നല്കിയിരിക്കുന്ന നമ്മുടെ പിതാവായ ദൈവവും

2:17 നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ.

## അദ്ധ്യായം 3

3:1 ഒടുവിൽ സഹോദരന്മാരേ, യാഹ്ഹൂശൂഅയായ കർത്താവിന്റെ വചനം നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ വേഗം വ്യപിച്ചു മഹത്വപ്പെടുവാനും

3:2 വല്ലാത്തവരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽ നിന്നു ഞങ്ങൾ വിടുവിക്കപ്പെടുവാനും ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിപ്പിൻ; വിശ്വാസം എല്ലാവർക്കും ഇല്ലല്ലോ.

3:3 യാഹ്ഹൂശൂഅയായ കർത്താവോ വിശ്വസ്തൻ; അവൻ നിങ്ങളെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും.

3:4 ഞങ്ങൾ ആജ്ഞാപിക്കുന്നതു നിങ്ങൾ ചെയ്യുന്നു എന്നും മേലാലും ചെയ്യും എന്നും ഞങ്ങൾ നിങ്ങളെക്കുറിച്ചു കർത്താവായ യാഹ്ഹൂശൂഅയിൽ ഉറെച്ചിരിക്കുന്നു.

3:5 കർത്താവായ യാഹ്ഹൂശൂഅ താൻ നിങ്ങളുടെ ഹൃദയങ്ങളെ യാഹ്ഹൂവയായ ദൈവത്തിന്റെ സ്നേഹത്തിലേക്കും മശീഹയുടെ സഹിഷ്ണതയിലേക്കും തിരിക്കുമാറാകട്ടെ.

3:6 സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണംവിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളേണം എന്നു നമ്മുടെ കർത്താവായ യാഹ്ഹൂശൂഅ മശീഹയുടെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു.

3:7 ഞങ്ങളെ അനുകരിക്കേണ്ടിയതു എങ്ങനെ എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമംകെട്ടു നടന്നിട്ടില്ല,

3:8 ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നുവെച്ചു ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേലചെയ്തു പോന്നതു

3:9 അധികാരമില്ലാഞ്ഞിട്ടല്ല, അനുകരിപ്പാൻ നിങ്ങൾക്കു ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിന്നത്രേ.

3:10 വേല ചെയ്‌വാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുതു എന്നു ഞങ്ങൾ നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നേ ആജ്ഞാപിച്ചിട്ടുണ്ടല്ലോ.

3:11 നിങ്ങളിൽ ചിലർ ഒട്ടും വേല ചെയ്യാതെ പരകാര്യം നോക്കി ക്രമംകെട്ടു നടക്കുന്നു എന്നു കേൾക്കുന്നു.

3:12 ഇങ്ങനെയുള്ളവരോടു: സാവധാനത്തോടെ വേല ചെയ്തു അഹോവൃത്തി കഴിക്കേണം എന്നു കർത്താവായ യാഹ്ഹൂശൂഅ മശീഹയിൽ ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു.

3:13 നിങ്ങളോ സഹോദരന്മാരേ, നന്മ ചെയ്യുന്നതിൽ തളർന്നു പോകരുതു.

3:14 ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്കു അനുസരിക്കാത്തവൻ നാണിക്കേണ്ടതിന്നു അവനോടുള്ള സംസൎഗ്ഗം വിട്ടു അവനെ വേറുതിരിപ്പിൻ.

3:15 എങ്കിലും ശത്രു എന്നു വിചാരിക്കാതെ സഹോദരൻ എന്നു വെച്ചു അവനെ ബുദ്ധിയുപദേശിക്കയത്രേ വേണ്ടതു.

3:16 സമാധാനത്തിന്റെ കൎത്താവായ യാഹ്ശൂആ താൻ നിങ്ങൾക്കു എല്ലായ്പോഴും സകലവിധത്തിലും സമാധാനം നല്കുമാറാകട്ടെ; കൎത്താവായ യാഹ്ശൂആ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

3:17 പൌലൊസായ എന്റെ കയ്യാൽ വന്ദനം; സകല ലേഖനത്തിലും ഇതു തന്നേ അടയാളം; ഇങ്ങനെ ഞാൻ എഴുതുന്നു.

3:18 നമ്മുടെ കൎത്താവായ യാഹ്ശൂആ മശീഹയുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.